ഉത്തരം

(എ)&(ബി)അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഇല്ല. ഫണ്ടിന്റെ അഭാവവും അസംസ്കൃതവസ്തുക്കൾ കിട്ടാനുള്ള ബുദ്ധിമുട്ടും ആണ് കാരണം.

(ഡി) ഈ കാലയളവിൽ കെ.എസ്.ഡി.പിയ്ക്കു കിട്ടിയ ഓർഡറും സപ്ലൈയും അതിന്റെ ശതമാനവും താഴെചേർക്കുന്നു.

24 (2172) കേരള മിനറൽസ് ആന്റ് മെറ്റൽസ് കമ്പനിയുടെ വികസനത്തിന് വിദേശ ഏജൻസികളുടെ സാങ്കേതിക സഹായം

ശ്രീ. പാലോട് രവി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. എ.കെ. മണി ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മിനറൽസ് ആന്റ് മെറ്റൽസ് കമ്പനിയുടെ വികസനത്തിന് വിദേശ ഏജൻസികളുടെ സാങ്കേതികസഹായം അത്യന്താപേക്ഷിതമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സാങ്കേതികവിദ്യ സഹായത്തിന് ഏതൊക്കെ ഏജൻസികളെ സമീപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ രംഗത്ത് ഏറ്റവും ആധുനിക സാങ്കേതികവിദ്യ കൈവശമുള്ള വിദേശ ഏജൻസി ഏതാണെന്നത് സംബന്ധിച്ച ധാരണ ഉണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) തിരുവനന്തപുരം ടൈറ്റാനിയം പ്രോഡക്ടിന്റെ നവീകരണത്തിന് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നത് ആശാസ്യമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്പനിയുടെ മിനറൽ പ്ലാന്റിന്റെയും സിന്തറ്റിക് റുട്ടൈൽ പ്ലാന്റിന്റെയും പിഗ്മെന്റ് പ്ലാന്റിന്റെയും വികസനത്തിന് വിദേശസാങ്കേതിക സഹായം അത്യന്താപേക്ഷിതമാണെന്ന് കണ്ടതിനാൽ പ്രസ്തുത മേഖലകളിൽ സാങ്കേതികസഹായം അഭ്യർത്ഥിച്ചുകൊണ്ട് പത്രദ്വാരാ പ്രീക്വാളിഫിക്കേഷൻ അഡ്വർടൈസ്മെന്റ് നടത്തിയിട്ടുണ്ട്.

(സി) ആധുനിക സാങ്കേതികവിദ്യയുള്ള അനുയോജ്യമായ ഏജൻസിയെ കണ്ടെത്താൻ നടപടികൾ എടുത്തുവരുന്നു.

(ഡി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ ഇപ്പോൾ അനട്ടേസ് ഗ്രേഡ് ടൈറ്റാനിയം ഡൈഓക്സൈഡ് മാത്രമാണുണ്ടാക്കുന്നത്. ന്യൂട്രലൈ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സേഷൻ പ്ലാന്റ് കൂടി നിർമ്മിച്ചാൽ കമ്പനി ലാഭകരമായി പ്രവർത്തിപ്പിക്കാൻ ബുദ്ധിമുട്ടാകും. അതിനാൽ റൂട്ടെൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ് ഉണ്ടാക്കുവാനും ഇപ്പോൾ വെളിയിൽ പോകുന്ന ആസിഡ് റിക്കവർ ചെയ്യാനും വേണ്ട സാങ്കേതികവിദ്യ ലഭ്യമാക്കേണ്ട ആവശ്യമുണ്ട്. 'പൂജ്യം മാലിന്യം' (zero effluent) എന്ന സാങ്കേതികവിദ്യ കിട്ടാനാണ് ശ്രമിക്കുന്നത്.

25 (2173) കാസർഗോഡിലെ 'കെൽ'-ന്റെ പ്രവർത്തനം

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ 'കെൽ' എന്ന വ്യവസായ സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ട് എത്രകാലമായി;

(ബി) ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരാണ് ഇപ്പോൾ നിലവിലുള്ളത്;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ഇതുവരെയുള്ള ലാഭനഷ്ടകണക്ക് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) 'കെൽ'-ന്റെ കാസർഗോഡ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ട് 9 വർഷമായി.

(ബി) കാസർഗോഡ് യൂണിറ്റിൽ ഇപ്പോൾ ആകെ 304 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(സി) കാസർഗോഡ് യൂണിറ്റ് പ്രാരംഭകാലം മുതൽ ഇതുവരെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ യൂണിറ്റിന്റെ 31-1-2000 വരെയുള്ള സഞ്ചിതനഷ്ടം 2177.33 ലക്ഷം രൂപയാണ്.

(ഡി)&(ഇ) ഈ യൂണിറ്റിന്റെ വിപുലീകരണം സംബന്ധിച്ച പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല.

26 (2174) കണ്ണൂരിലെ തിരുവേപ്പതിമിൽ അടച്ചുപൂട്ടാനുള്ള കാരണം

<u>ശ്രീ. കെ. സുധാകരൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ തിരുവേപ്പതിമിൽ അടച്ചുപൂട്ടിയത് എന്നാണ്;

(ബി) ഈ മിൽ അടച്ചുപൂട്ടാനുണ്ടായ കാരണങ്ങൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ;

(സി) മിൽ തുറന്നുപ്രവർത്തിപ്പിക്കുവാൻ മാനേജ്മെന്റ് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly